പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് കാര്യാലയം

(ഒരു ISO 9001:2015 അംഗീകൃത സ്ഥാപനം)

പുല്ലമ്പാറപി.ഒ, വെഞ്ഞാറമൂട്, തിരുവനന്തപുരം ജില്ല–695607,ഫോൺ.0472–2829061

E-mail – pullamparagramapanchayat@gmail.comwebsite-lsgkerala.in/pullamparapanchayat

നമ്പർ- എ3-01/2026 തീയതി- 13.10.2026

നോട്ടീസ്

വിഷയം-പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് -2026-27വാർഷിക പദ്ധതി-കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്.
സൂചന -പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 13.10.2026തീയതിയിലെ 1(1) നമ്പർ തീരുമാനം.

പുല്ലമ്പാറ ഗ്രാമപഞ്ചായത്തും, ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളും 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതും,വ്യക്തിഗത/ഗ്രൂപ്പ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുമുള്ള പദ്ധതികൾക്കായി പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള വാർഡ് തല ഗ്രാമസഭാ യോഗങ്ങൾ 5.08.2026മുതൽ 17.08.2026വരെയുള്ള തീയതികളിൽ വിളിച്ച് ചേർത്തിരുന്നു.ആയത് പ്രകാരം ഗ്രാമസഭകൾ കൂടി അംഗീകരിച്ച് നൽകിയിട്ടുള്ള 2026-27വർഷത്തെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പദ്ധതികളുടെ കരട് ഗുണഭോക്തൃ ലിസ്റ്റ് സൂചന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ 2026-27വാർഷിക പദ്ധതി കരട് ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം ക്ഷണിക്കുന്നതിനായി ടി ഗുണഭോക്തൃ ലിസ്റ്റ് ഇതോടൊപ്പം പൊതുജന അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത കരട് ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് ഓഫീസിലേയും,ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിൽ നിന്നും പൊതുജനങ്ങൾക്ക് നേരിട്ട് പരിശോധിക്കാവുന്നതാണ്.കരട് ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപം ഉള്ളവർ 22.10.2026 തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി രേഖാമൂലം പഞ്ചായത്ത് ഓഫീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

<u>ഉള്ളടക്കം</u>

ഗ്രാമ-ബ്ലോക്ക്-ജില്ലാപദ്ധതികളുടെ-

കരട് ഗുണഭോക്തൃ ലിസ്റ്റ്

<u>പകർപ്പ്</u>

1)പഞ്ചായത്ത് നോട്ടീസ് ബോർഡ്

2)ഘടക സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകൾ

3)സ്റ്റോക്ക് ഫയൽ